# കേരള സർവകലാശാല

നം.പി.ആർ.219/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പരീക്ഷാ തീയതി

2019 നവംബർ 6, 8 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന ആറാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ എൽ.എൽ.ബി/ ബി.കോം എൽ.എൽ.ബി/ബി.ബി.എ എൽ.എൽ.ബി പരീക്ഷകൾ യഥാക്രമം നവംബർ 13, 15 തീയതികളിലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു. വിശദവിവരം വെബ്സൈറ്റിൽ.

2019 ഒക്ടോബർ 21–ന് നടത്താനിരുന്ന എട്ടാം സെമസ്റ്റർ പഞ്ചവത്സര എം.ബി.എ (ഇന്റഗ്രേറ്റഡ്/ ഇന്റഗ്രേറ്റഡ് ബി.എം–എം.എ.എം) പെർഫോർമൻസ് മാനേജ്മെന്റ് എന്ന വിഷയത്തിന്റെ പരീക്ഷ 2019 ഒക്ടോബർ 28–ലേക്ക് മാറ്റിയിരിക്കുന്നു. വിശദവിവരം വെബ്സൈറ്റിൽ.

2019 ജൂലൈ നാലാം സെമസ്റ്റർ ബി.ടെക്ക് ഡിഗ്രി പരീക്ഷ–കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ്, ഇൻഫർമേഷൻ ടെക്നോളജി ബ്രാഞ്ചുകളുടെ (2013 & 2008 സ്കീം) പ്രാക്ടിക്കൽ പരീക്ഷകൾ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടത്ത് വച്ച് ഒക്ടോബർ 23 മുതൽ 30 വരെ നടത്തുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

### പരീക്ഷാ ഫലം

2019 ജൂലൈ മാസം നടത്തിയ ആറാം സെമസ്റ്റർ ത്രിവത്സര (യൂണിറ്ററി) എൽ.എൽ.ബി പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ഒക്ടോബർ 30 നകം ഓൺലൈനായി അപേക്ഷിക്കാം.

2019 സെപ്റ്റംബറിൽ നടന്ന നാലാം സെമസ്റ്റർ എം.എ ഇസ്ലാമിക് ഹിസ്റ്ററി, എം.എസ്.സി ഹോം സയൻസ് (ഫാമിലി റിസോഴ്സ് മാനേജ്മെന്റ്, എക്സ്റ്റൻഷൻ എഡ്യൂക്കേഷൻ, ഫുഡ് ആന്റ് ന്യൂട്രീഷൻ, ന്യൂട്രീഷൻ ആന്റ് ഡയറ്ററ്റിക്സ്) എന്നീ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരം വെബ്സൈറ്റിൽ.

**അസൈൻമെന്റുകൾ സമർപ്പിക്കാൻ ഒരവസരം കൂടി**

അസൈൻമെന്റ്, കേസ് അനാലിസിസ് സമർപ്പിക്കാത്ത 2017–18, 2018–19 യു.ജി, പി.ജി ബാച്ച് വിദ്യാർത്ഥികൾക്ക് അവ അതാത് കോ–ഓർഡിനേറ്റർക്ക് 2019 ഒക്ടോബർ 29 ന് പാളയം വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ സമർപ്പിക്കാവുന്നതാണ്. ഇനിയൊരവസരം ഉണ്ടായിരിക്കുന്നതല്ല.

**ഫയൽ അദാലത്ത് മാറ്റിവച്ചു**

സർവകലാശാല 2019 ഒക്ടോബർ 28 ന് നടത്തുവാൻ നിശ്ചയിച്ചിരുന്ന ഫയൽ അദാലത്ത് മാറ്റി വച്ചിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

**അവധി**

വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിലെ ഉപതെരഞ്ഞെടുപ്പ് പ്രമാണിച്ച് കേരള യൂണിവേഴ്സിറ്റി സെനറ്റ് ഹൗസ് ക്യാമ്പസ്സിന് (പാളയം) 2019 ഒക്ടോബർ 21 ന് അവധി ആയിരിക്കും.

**തിരുവനന്തപുരം.**
**19.10.2019**

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**